പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2982 **29-10-2026-ൽ മറുപടിയ്ക്ക്**

ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. കെ. അക്ബർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി ഏതൊക്കെ സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം നടക്കുന്നുണ്ടെന്നും ആയതിന്റെ ഫണ്ട്, പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

മറുപടി: ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ സ്കൂളുകളിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ ആവശ്യത്തിന് ക്ലാസ്സ്മുറികൾ ഇല്ലാത്ത സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ആവശ്യത്തിന് ക്ലാസ്സ്മുറികൾ ഇല്ലാത്ത സാഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	സ്കൂളിന്റെ പേര്	തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1.	ഗവ. ഫിഷറീസ് യു. പി. എസ്, കോട്ടകടപ്പുറം	100	മണ്ണ് പരിശോധനയ്ക്കും പഴയ കെട്ടിടം പൊളിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു
2.	ഗവ. യു. പി. എസ്, ഗുരുവായൂർ	125	നിർമ്മാണം പുരോഗമിച്ചുവരുന്നു
3.	ഗവ. എച്ച്. എസ്, മണത്തല	200	നിർമ്മാണം ആരംഭിച്ചിട്ടില്ല
4.	ഗവ. എം. എൽ. പി. എസ്, തിരുവത്ര	100	നിർമ്മാണം പുരോഗമിച്ചുവരുന്നു
5.	ഗവ. എൽ. പി. എസ്, പുന്നയൂർ	100	നിർമ്മാണം പുരോഗമിച്ചുവരുന്നു
6.	ഗവ. എൽ. പി. എസ്, കുരഞ്ഞിയൂർ	100	നിർമ്മാണം പുരോഗമിച്ചുവരുന്നു
7.	ഗവ. എച്ച്. എസ്. എസ്, മണത്തല, ചാവക്കാട്	500	നിർമ്മാണം പുരോഗമിച്ചുവരുന്നു
8.	ഗവ. എച്ച്. എസ്. എസ്, കൊച്ചാന്നൂർ	300	നിർമ്മാണം പൂർത്തിയായി
9.	ഗവ. എച്ച്. എസ്, കടിക്കാട്	100	നിർമ്മാണം പൂർത്തിയായി
10.	ഗവ. എച്ച്. എസ്. എസ്, ചാവക്കാട്	100	നിർമ്മാണം പൂർത്തിയായി
11.	ഗവ. എൽ. പി. എസ്, തിരുവത്ര	100	നിർമ്മാണം പുരോഗമിച്ചുവരുന്നു